LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പയ്യന്നൂർ-ചെറുപുഴ റോഡ് (35 കി.മീ-40 കോടി) 2015-16-ലെ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രറോഡ് ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി പയ്യന്നൂർ-വെള്ളൂർ-പാടിയോട്ടുചാൽ-ചെറുപുഴ വരെയാണ്. ചെറുപുഴ മുതൽ പുളിങ്ങോംവരെയുള്ള ഭാഗം ഉൾപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ശിപാർശ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവേയുടെ വീതി കൂട്ടുന്ന പ്രവൃത്തി

254 (5339) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവേയുടെ വീതി കൂട്ടുന്നതിന് 22.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ മാസം 9-ാം തീയതി പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ നഗരത്തിൽ പൂവൻപാറ മുതൽ മൂന്നുമുക്ക് വരെ 3 കി.മീ. റോഡ് വികസനത്തിനായി 22.75 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ഏറ്റെടുത്ത് നൽകാമെന്ന് ആറ്റിങ്ങൽ നഗരസഭ ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പ്രകാരം റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) യോഗ നടപടിക്കുറിപ്പ് അനുബന്ധമായിചേർക്കുന്നു.*

(സി) പദ്ധതിക്കാവശ്യമായ ഭൂമി ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.